Page 1 of 3

തൊഴിലിലേയ്ക്ക് ആകൃഷ്ടരാക്കി കുലത്തൊഴിൽ സംരക്ഷിക്കുന്നതിനുംവേണ്ടി നടപ്പാക്കി വരുന്ന പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം അർഹരായവർക്ക് പരമാവധി 50,000 രൂപ വരെ രണ്ട് ഗഡുക്കളിലായി ധനസഹായം നൽകുന്നു. 60 വയസ്സ് വരെയുള്ളവരാണ് ആനുകൂല്യത്തിന് അർഹരായിട്ടുള്ളത്. കുടുംബ വാർഷിക വരുമാന പരിധി 1 ലക്ഷം രൂപ.

2. കുംഭാര കോളനി അടിസ്ഥാന സൗകര്യ വികസന പദ്ധതി- സംസ്ഥാനത്തെ പരമ്പരാഗത മൺപാത്ര തൊഴിൽ ചെയ്യുവരുന്ന കുംഭാര സമുദായത്തിൽപ്പെട്ടവരുൾപ്പെടെയുള്ള വിഭാഗങ്ങൾ തിങ്ങിപ്പാർക്കുന്ന മേഖലകളുടെ സമഗ്ര വികസനം ലക്ഷ്യമിട്ടാണ് ഈ പദ്ധതി നടപ്പാക്കി വരുന്നത്. തെരഞ്ഞെടുക്കപ്പെടുന്ന കോളനി/സങ്കേതങ്ങളിൽ ആധുനിക യന്ത്ര സാമഗ്രികളോടുകൂടിയ പൊതുവായ വർക്ക്ഷെഡ്, ചൂള തുടങ്ങിയവ ഉൾപ്പെടെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഒരു കോളനിക്ക് പരമാവധി ഒരു കോടി രൂപ വരെ അനുവദിക്കുന്നു. കുടിവെള്ള പദ്ധതി, നടപ്പാത നിർമ്മാണം, കമ്മ്യൂണിറ്റി ഹാൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ഈ പദ്ധതി പ്രകാരം തുക അനുവദിക്കുന്നതാണ്. കൂടാതെ കേരളത്തിലെ കുംഭാര സമുദായമുൾപ്പെടെ കളിമൺപാത്ര നിർമ്മാണ വിപണന മേഖലയിൽ പ്രവർത്തിക്കുന്ന ജനവിഭാഗത്തിന്റെ സമഗ്രമായ ഉന്നമനം ലക്ഷ്യമാക്കി രൂപീകരിച്ച കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ മുഖേന ഈ മേഖലയിലുള്ളവർക്ക് കളിമൺപാത്ര നിർമ്മാണ യൂണിറ്റുകളുടെ ആധുനികവൽക്കരണം/പുതിയ യൂണിറ്റുകളുടെ നിർമ്മാണം/ ഉൽപ്പന്നങ്ങളുടെ വിപണനം എന്നിവ ലക്ഷ്യമാക്കി താഴെപ്പറയുന്ന രണ്ട് പദ്ധതികൾ നടപ്പിലാക്കി വരുന്നു.

i. കളിമൺപാത്ര നിർമ്മാണ യൂണിറ്റ് വായ്പാ പദ്ധതി.

ii. കളിമൺപാത്ര വിപണന വായ്പാ പദ്ധതി.

പട്ടികജാതി വിഭാഗങ്ങൾക്ക് സ്വയംതൊഴിൽ

47 (3753) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പട്ടികജാതി വിഭാഗങ്ങൾക്ക് സ്വയം തൊഴിൽ പദ്ധതിയുടെ ഭാഗമായി എം.പി.ഐ.യുമായി ചേർന്ന് എത്ര മീറ്റ് സ്റ്റാളുകൾ നിർമ്മിച്ച് പ്രവർത്തനം ആരംഭിച്ചുവെന്നും അവ എവിടെയൊക്കെയാണെന്നും അറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പട്ടികജാതി വിഭാഗങ്ങൾക്ക് സ്വയം തൊഴിൽ പദ്ധതിയുടെ ഭാഗമായി എം.പി.ഐ. (മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ)യുമായി ചേർന്ന് വകുപ്പ് മുഖേന പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല. 2014-15 സാമ്പത്തിക വർഷത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവജനങ്ങളുടെ ഉന്നമനത്തിനായി എം.പി.ഐ.-യുമായി ചേർന്ന് സംസ്ഥാനത്തുടനീളം 20 മീറ്റ് ഷോപ്പുകൾ സ്ഥാപിക്കുന്ന പദ്ധതി വകുപ്പ് നടപ്പാക്കിയിരുന്നു. ടി പദ്ധതിക്കായി 20-3-15-ലെ സ.ഉ.(സാധാ)നം. 498/15/പജപവവിവ. പ്രകാരം 60 ലക്ഷം രൂപ അനുവദിച്ചിരുന്നു. ടി തുക വിനിയോഗിച്ച് തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിൽ 19 പേർക്ക് മീറ്റ് ഷോപ്പുകൾ അനുവദിച്ചതായി എം.പി.ഐ. അറിയിച്ചിരുന്നു.

(ബി) പ്രസ്തുത സ്റ്റാളുകളുടെ നിലവിലെ സ്ഥിതി എന്താണെന്ന് അവലോകനം ചെയ്തിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകാമോ?

ഉണ്ട്. പ്രസ്തുത സ്റ്റാളുകളുടെ നിലവിലെ സ്ഥിതി ഡയറക്ടറേറ്റ് തലത്തിൽ 8-5-2019-ൽ യോഗം ചേർന്ന് അവലോകനം ചെയ്തിട്ടുണ്ട്. എം.പി.ഐ. ലഭ്യമാക്കിയ ഗുണഭോക്താക്കളുടെ ലിസ്റ്റ് പരിശോധിച്ച് പ്രസ്തുത പദ്ധതിയുടെ അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കാൻ ബന്ധപ്പെട്ട ജില്ലാ പട്ടികജാതി വികസന ഓഫീസർമാരോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) പ്രസ്തുത ഗുണഭോക്താക്കൾക്ക് സർക്കാർ നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

എം.പി.ഐ. നടപ്പാക്കുന്ന പ്രസ്തുത പദ്ധതി പ്രകാരം ഒരു ഔട്ട്ലെറ്റ് സ്ഥാപിക്കുന്നതിന് 2.50 ലക്ഷം രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റുൾപ്പെടെ വേണ്ടി വരുന്ന ആകെ ചെലവ് 5 ലക്ഷം രൂപയാണ്. ടി പദ്ധതി പ്രകാരം ഗുണഭോക്താവിന് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ ചുവടെ ചേർക്കുന്നു.

സെക്യൂരിറ്റി ഡെപ്പോസിറ്റ്	50,000 (50,000 രൂപ സ്ഥലം കണ്ടെത്തിയതിന്) (ശേഷിക്കുന്ന തുക ഗുണഭോക്താവ് സ്വന്തം നിലയിൽ കണ്ടെത്തേണ്ടതാണ്)
ഇന്റീരിയർ ഫർണിഷിംഗ് കോസ്റ്റ്	1,05,000 i. ഗ്ലാസ് ഡോർ - 65,000 ii. ടൈലിംഗ് ഫ്ളോർ - 20,000 iii. ഡിസ്പ്ലേ ബോർഡ് - 10,000 iv. പെയിന്റിംഗ് - 10,000

LIBRARY ARCHIVES Kerala Legislative Assembly

ഫ്രീസർ (400 ലിറ്റർ ഒരെണ്ണം)	35,000
ഫാൻ (2 എണ്ണം)	4,500
ടേബിൾ	8,000
കസേര (2 എണ്ണം)	1,500
സോഫ	4,000
കമ്പ്യൂട്ടർ & പ്രിന്റർ	22,000
മീറ്റ് സ്ലൈസർ	70,000
ആകെ	3,00,000(മൂന്ന് ലക്ഷം രൂപ മാത്രം).

കുംഭാരൻ എന്ന ജാതി സർട്ടിഫിക്കറ്റ് ലഭ്യമാകാത്തത് സംബന്ധിച്ച പരാതി

48 (3754) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുംഭാര സമുദായക്കാർ പാർശ്വവൽക്കരിക്കപ്പെട്ടവരും സാമൂഹികമായി ഏറെ പിന്നാക്കം നിൽക്കുന്നവരുമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കുംഭാരസമുദായങ്ങളുമായി ബന്ധപ്പെട്ട് വകുപ്പിൽ നിവേദനങ്ങൾ ലഭിക്കുന്നുണ്ട്.

(ബി) വിവിധ സ്ഥലങ്ങളിൽ കുശവൻ, കുസ, ഗോസങ്കി, കൊയപ്പാൻ, കുലാലൻ, കുടുംബൻ, പള്ളൻ കുടുംബി, ആദി-ആന്ധ്ര എന്നീ പേരുകളിലായി അറിയപ്പെടുന്ന കുംഭാര സമുദായാംഗങ്ങൾക്ക് ഏകീകരിച്ച് കുംഭാരൻ എന്ന ജാതി സർട്ടിഫിക്കറ്റ് ലഭ്യമാവാത്തത് സംബന്ധിച്ച പരാതി പരിഗണനയിലുണ്ടോ; എങ്കിൽ ഈ പ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

പരിഗണനയിലുണ്ട്. ഈ വിഷയം പിന്നാക്കവിഭാഗ കമ്മീഷൻ പരിശോധിച്ചുവരുന്നു.